**ക്രമപ്രശ്നം**

ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരള നിയമസഭയുടെ റൂൾസ് ഓഫ് പ്രൊസീഡ്യൂർ അനുസരിച്ച് റൂൾ 73 പ്രകാരം സഭയിൽ അവതരിപ്പിക്കുന്ന ബില്ലുകളുടെ ധനകാര്യ മെമ്മോറാണ്ടത്തിൽ പ്രസ്തുത ബിൽ നിയമമാകുന്ന സാഹചര്യത്തിലുണ്ടാകുന്ന ആവർത്തനവും ആവർത്തനേതരവുമായ ചെലവുകളുടെ പ്രതീക്ഷിത കണക്കുകൾകൂടി ഉൾപ്പെടുത്തേണ്ടതാണ്. റൂൾ 73-ലെ വ്യവസ്ഥ ഇതാണ്. എന്നാൽ 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്ന് വഹിക്കേണ്ടിവരുന്ന ചെലവുകൾ എത്രയാണെന്നുള്ളതിനെ സംബന്ധിച്ച് പ്രതീക്ഷിത കണക്കുകളോ ആവർത്തനേതരമായ ചെലവുകളോ സംബന്ധിച്ചുള്ള ഒരു വിവരവും നല്കുന്നില്ലെന്നാണ് ഏറ്റവും അത്ഭുതകരമായ ഒരു കാര്യം. മാത്രവുമല്ല സഞ്ചിത നിധിയിൽനിന്ന് വഹിക്കേണ്ടതായ ചെലവ് ഈ ഘട്ടത്തിൽ കൃത്യമായി കണക്കാക്കാൻ സാധിക്കില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് വിവിധ സന്ദർഭങ്ങളിലും വ്യത്യസ്ത കാലഘട്ടങ്ങളിലും ചെയറിൽ ഇരുന്നിട്ടുള്ള മുൻ

സ്പീക്കർമാർ ശക്തമായ റൂളിംഗ് നല്കിയിട്ടുള്ളൊരു കാര്യമാണ്. പ്രസ്തുത ബില്ലിന്റെ സെക്ഷൻ 13 പ്രകാരം ബോർഡിൽ നിയമിക്കപ്പെടുന്ന ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും ശമ്പളവും അലവൻസുകളും അടക്കമുള്ള ചെലവുകൾ വരുന്നുണ്ട്. കൂടാതെ ബോർഡിന്റെ ചുമതലയുടെ ഭാഗമായിട്ടുള്ള റൂൾ 16-ൽ നിർണ്ണയിച്ചുള്ള പ്രവർത്തികളും ധനപരമായ ബാധ്യതകളും ചെലവുകളും അന്തർലീനമായിട്ടുണ്ട്. ഇതടക്കം പ്രസ്തുത ബില്ലിന്റെ ഭാഗമായിട്ടുള്ള റെക്കറിംഗും നോൺ-റെക്കറിംഗുമായിട്ടുള്ള ചെലവുകൾ കൃത്യമായി പറയാത്തത് തികച്ചും നിരുത്തരവാദപരമായൊരു നടപടിയാണ്. മാത്രവുമല്ല ഈ വിവരങ്ങൾ സഭയിൽ നിന്ന് മറച്ചുപിടിക്കുന്നത് നിയമസഭാ പ്രവർത്തനങ്ങളോടുള്ള ഒരു അവഹേളനമാണ് എന്നുവേണം പറയാൻ.

1998-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിൽ സമാനമായ നിലയിൽ ധനകാര്യ മെമ്മോറാണ്ടത്തിൽ പ്രതീക്ഷിത കണക്കുകൾ ഉൾപ്പെടുത്താത്ത വിഷയം ഈ സഭയിൽ ഉയർന്നുവരികയുണ്ടായി. ആ അവസരത്തിൽ അങ്ങയുടെ മുൻഗാമിയായ ശ്രീ. എം. വിജയകുമാർ സ്പീക്കറായിരുന്ന സന്ദർഭത്തിൽ 01.04.1998-ൽ ഇത്

ആവർത്തിക്കാൻ പാടില്ലെന്ന് ശക്തമായ റൂളിംഗ് നൽകുകയുണ്ടായി. അതുപോലെ 2014-ലെ സർവ്വകലാശാല നിയമങ്ങൾ ഭേദഗതി ബില്ലിനോടൊപ്പം നൽകിയിരുന്ന ധനകാര്യ മെമ്മോറാണ്ടം ക്രമപ്രകാരമല്ലാത്തതിനാൽ പുതിയ ധനകാര്യമെമ്മോറാണ്ടം സഭയിൽ വയ്ക്കണമെന്ന ക്രമപ്രശ്നം ഉയർന്നുവന്ന അവസരത്തിലും നിയമസഭാ ചട്ടം അനുശാസിക്കുന്ന പ്രകാരം ചെലവ് അന്തർഭവിക്കുന്ന ബില്ലിനോടുകൂടിയ മതിപ്പുചെലവ് സഭയെ അറിയിക്കണമെന്നും പുതുക്കിയ ധനകാര്യമെമ്മോറാണ്ടം ബിൽ പരിഗണിക്കുന്നതിന് മുമ്പ് അംഗങ്ങളുടെ അറിവിലേയ്ക്ക് സർക്കുലേറ്റ് ചെയ്യണമെന്നും 10.06.2014-ൽ അന്നത്തെ സ്പീക്കറായിരുന്ന ബഹുമാനപ്പെട്ട ജി. കാർത്തികേയൻ അസാധാരണമായ നിലയിൽത്തന്നെ റൂളിംഗ് നൽകി. പിന്നീട് ഈ സഭ പരിഗണിക്കുന്നതിന് മുമ്പുതന്നെ ധനകാര്യ മെമ്മോറാണ്ടം സർക്കുലേറ്റ് ചെയ്യുവെന്നുള്ളതാണ് ഈ സഭയുടെ കീഴ്വഴക്കം. ഒരുപക്ഷേ ശരവേഗത്തിൽ ബില്ലുകൾ ഡ്രാഫ്റ്റുചെയ്ത് പാസ്സാക്കുന്നതുകൊണ്ട് സംഭവിക്കുന്ന ഭവിഷ്യത്തുകളായിരിക്കാം ഇത്. വ്യക്തമായ അവതാനതയില്ലാതെയാണ് ബില്ലുകൾ ഡ്രാഫ്റ്റ് ചെയ്തിരിക്കുന്നത്. ഒരു ബിൽ നിയമം ആയാൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നോ

ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നോ എത്ര രൂപ ചെലവായി എന്നുള്ളത് സംബന്ധിച്ച് ഒരു രൂപവുമില്ലാതെ ഇങ്ങനെ ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്താതിരിക്കുന്നത് ശരിയായ നടപടിയല്ല. 2021 ഫെബ്രുവരി 25-ലാണ് കള്ള് വ്യവസായ വികസന ബോർഡ് നിലവിൽ വന്നത്. അതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ചെലവുകളും സ്വാഭാവികമായി വന്നിട്ടുണ്ട്. ആ കണക്കുപോലും പ്രതീക്ഷിക്കുന്ന ചെലവുകളുടെ ഭാഗമായ ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നുള്ളത് ശരിയായ കാര്യമല്ല, ഇത് സഭയോടുള്ള അനാദരവാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത ബില്ലിന്റെ അവതരണത്തിന് അനുമതി നിഷേധിക്കണമെന്നും അഥവാ അങ്ങ് അനുമതി നൽകുകയാണെങ്കിൽ ബിൽ പാസ്സാക്കുന്നതിനുമുമ്പ് ചെലവുകളുടെ വ്യക്തമായ പ്രതീക്ഷിത കണക്കുകൾ ധനകാര്യ മെമ്മോറാണ്ടത്തിന്റെ ഭാഗമായി ഉൾപ്പെടുത്തി സഭയിൽ സർക്കുലേറ്റ് ചെയ്യണമെന്നും ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>): സർ, 2021-ലെ കേരള കള്ള്

വ്യവസായ വികസന ബോർഡ് ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ സംസ്ഥാന നിശ്ചിത ലിസ്റ്റിൽ നിന്നും വഹിക്കേണ്ട ചെലവുകൾ എത്രത്തോളമെന്നത് സംബന്ധിച്ച് പ്രതീക്ഷിത കണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ ചട്ടം 73-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ് എന്നതാണ് ക്രമപ്രശ്നത്തിലെ പ്രധാനപ്പെട്ട കാര്യം. 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിൽ ബോർഡിന് നൽകേണ്ട ഗ്രാന്റുകളുടെ തുക സർക്കാർ നിശ്ചയിക്കേണ്ടതായിട്ടുണ്ട്. ഗ്രാന്റോ ധനസഹായമോ ആയി എത്ര തുക ബോർഡിന് നൽകേണ്ടതുണ്ടെന്ന് നിശ്ചയിക്കേണ്ടതിനാൽ മതിപ്പ് ചെലവ് ഇവിടെ മുൻകൂട്ടി കണക്കാക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. അതിനാൽ പ്രതീക്ഷിത കണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല. 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടം സംബന്ധിച്ച് 07-11-2019-ൽ ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകിയിട്ടുണ്ട്. കീഴ്വഴക്കം അടിസ്ഥാനപ്പെടുത്തി പരിശോധിക്കണം. മതിപ്പ് ചെലവ് മുൻകൂട്ടി കണക്കാക്കാൻ കഴിയുന്നപക്ഷം അക്കാര്യം വിശദമായി ധനകാര്യ

മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തുകതന്നെയാണ് നമ്മുടെ സഭയുടെ കീഴ്വഴക്കവും ചട്ടവും. എന്നാൽ അപൂർവ്വം ചില സന്ദർഭങ്ങളിൽ ഇവിടെ സൂചിപ്പിച്ച പ്രകാരം മതിപ്പ് ചെലവ് മുൻകൂട്ടി വ്യക്തമായി കണക്കാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ അപ്രകാരമുള്ള ധനകാര്യ മെമ്മോറാണ്ടം ഉൾക്കൊള്ളിക്കുന്ന കീഴ്വഴക്കം സഭയിൽ സ്വീകരിച്ചിട്ടുണ്ട്. 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും ഏറ്റെടുക്കലും നടത്തിപ്പും ബില്ലിലും ഇപ്രകാരമൊരു ധനകാര്യ മെമ്മോറാണ്ടമാണ് ഉൾപ്പെടുത്തിയിരുന്നത്. അതിനാൽ തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നതാണ്. ഇവിടെത്തന്നെ ഉണ്ടായിട്ടുള്ള ഒരു കാര്യം 2019-ലെ അനുഭവമാണ്. കൂടാതെ യു.ഡി.എഫ്.-ന്റെ തന്നെ ഭരണകാലത്ത് 2012-ൽ കോമൺവെൽത്ത് ട്രസ്റ്റ് കോഴിക്കോട് സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിലും അതേപോലെ 2015-ലെ കേരള സ്പോർട്സ് ഭേദഗതി ബില്ലിലെ കേരള ധനകാര്യ മെമ്മോറാണ്ടത്തിലും സർക്കാരിൽനിന്ന് എത്ര തുക ഗ്രാന്റായി അനുവദിക്കുമെന്നത് അപ്പോൾ പറയാൻ സാധിക്കുന്നതല്ല എന്നതിനാൽ ഇതിലേയ്ക്കായി സംസ്ഥാന

സഞ്ചിതനിധിയിൽനിന്നും എത്ര രൂപ ചെലവ് വരുമെന്ന് ഇപ്പോൾ കണക്കാക്കാൻ സാധിക്കുന്നതല്ല എന്ന് ധനകാര്യ മെമ്മോറാണ്ടം നൽകിയിട്ടുണ്ട്. സർക്കാരിൽനിന്നും എത്ര തുക ഗ്രാന്റ്/ ധനസഹായമായി അനുവദിക്കുമെന്ന് മുൻകൂട്ടി പറയാൻ സാധിക്കാത്ത സാഹചര്യത്തിലാണ് 07.11.2019-ലെ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിൽ പരാമർശിച്ച പ്രകാരമുള്ള 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസന ഭേദഗതി ബിൽ, 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും ഏറ്റെടുക്കൽ നടത്തിപ്പും ബിൽ, 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ് കോഴിക്കോട് സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും ബിൽ, 2015-ലെ കേരള സ്പോർട്സ് ഭേദഗതി ബിൽ എന്നീ ബില്ലുകളിലെ ധനകാര്യ മെമ്മോറാണ്ടത്തിന് സമാനമായ രീതിയിൽ ഈ ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടവും ഉൾപ്പെടുത്തിയിട്ടുണ്ട്.